# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LIV - JK 48** **2020 November 20** **No. 12**


## PASTORAL LETTER
## ആഗമനകാലം 2020

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2020 നവംബർ 29-ാം തീയതി ഞായറാഴ്ച ആഗോളകത്തോലിക്കാസഭ ഈ വർഷത്തെ ആഗമനകാലത്തിലേക്ക് പ്രവേശിക്കുകയാണ്. “ഭയപ്പെട്ടിരിക്കുന്നവരോട് പറയുവിൻ, ഭയപ്പെടേണ്ടാ, ധൈര്യം അവലംബിക്കുവിൻ... ദൈവത്തിന്റെ പ്രതിഫലവുമായി വന്ന് അവിടുന്ന് നിങ്ങളെ രക്ഷിക്കും” (ഏശയ്യ 35:4).

പ്രത്യാശയുടെയും രക്ഷയുടെയും നിത്യവെളിച്ചമായ യേശുനാഥനെ കാത്തിരിക്കുന്ന പുണ്യകാലമാണ് ആഗമനകാലം. രാത്രിയുടെ ഇരുട്ട് ഏറ്റവും തീവ്രമാകുന്നത് പ്രഭാതത്തിന് തൊട്ടുമുമ്പാണ്. കോവിഡ് 19 മഹാമാരിയുടെ കൂരിരുൾ ലോകം മുഴുവൻ പരന്നിരിക്കുന്ന ഈ സമയം പ്രത്യാശയുടെ പുതിയ പുലരിയിലേക്കാണ് ആഗമനകാലം നമ്മെ ക്ഷണിക്കുന്നത്. ബത്‌ലെഹെമിലെ പുൽക്കൂട്ടിൽ വന്നുപിറന്ന ഉണ്ണിയേശുവിൽ നമുക്ക് പ്രത്യാശവയ്ക്കാം. ലോകത്തിന്റെ പ്രകാശമായ അവിടുന്ന് ഈ മഹാമാരിയുടെയും മറ്റു ഭയാശങ്കകളു

ടെയും അന്ധകാരമെല്ലാം അകറ്റി നമുക്ക് പുതിയ വെളിച്ചം സമ്മാനിക്കും.

അന്ന് ബെത്‌ലേഹെമിൽ മനുഷ്യരാശിയുടെ രക്ഷകനെത്തേടി ആട്ടിടയന്മാർ നടന്നത് രാത്രിയിലായിരുന്നു. ഇരുട്ടിലൂടെ നടന്ന അവർ ചെന്നെത്തിയത് വെളിച്ചത്തിന്റെ കൂടാരത്തിലാണ്. ഇരുണ്ടരാത്രിയിലൂടെ ദൈവത്തിലേക്കുള്ള യാത്രയെക്കുറിച്ച് കുരിശിന്റെ വിശുദ്ധ യോഹന്നാൻ ഈ ആഗമനകാലത്തിൽ നമ്മെ ഓർമ്മപ്പെടുത്തുന്നു. ആട്ടിടയന്മാർ ഇരുളിൽ അന്വേഷിച്ചു നടന്ന് ഒടുവിൽ പ്രകാശമായ യേശുവിൽ എത്തിച്ചേർന്നു. നമ്മുടെ ഈ ലോകതീർത്ഥയാത്രയിൽ നാം ദൈവത്തിലേക്ക് അടുക്കുന്നതിന് മുമ്പ് ഒരുപക്ഷേ നിരവധി കയ്പ്പേറിയ അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടി വന്നേക്കാം. എന്നാൽ ആ രാത്രിയിൽ ഏറ്റവും മനോഹരമായ സമ്മാനം ദൈവം കരുതിവച്ചതുപോലെ അവിടുന്ന് വീണ്ടും തന്റെ തിരുക്കുമാരനെ നമുക്കായി നൽകുമ്പോൾ രക്ഷകനെ വരവേൽക്കാൻ ഹൃദയങ്ങളിൽ നന്മയുടെ വിളക്കുകളുമായി നമുക്ക് കാത്തിരിക്കാം.

പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ 'ഫ്രത്തേല്ലി തുത്തി' അഥവാ 'നാം സഹോദരർ' എന്ന പുതിയ ചാക്രികലേഖനം ഈ ആഗമനകാലത്ത് ഒരു പുതിയ സംസ്ക്കാരത്തിലേക്ക് നമ്മെ ക്ഷണിക്കുന്നുണ്ട്. എല്ലാ മനുഷ്യരേയും തുല്യ അവകാശങ്ങളും കടമകളും മഹത്വവും ഉള്ളവരായാണ് ദൈവം സൃഷ്ടിച്ചതെന്നും, അവർ സഹോദരീസഹോദരന്മാരായി ജീവിക്കാൻ കടപ്പെട്ടവരാണ് എന്നുമുള്ള ആഹ്വാനം ആദ്യഭാഗത്ത് ഫ്രാൻസിസ് പാപ്പാ നല്കുന്നു. നന്മയും കരുണയും സ്നേഹവും വറ്റി മരുഭൂമിയായി മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ സാഹോദര്യത്തിന്റെ വിത്തുവിതയ്ക്കാനുള്ള ആഹ്വാനമാണ് പാപ്പാ നൽകുന്നത്. 'സാഹോദര്യം' എന്ന ഒരു വാക്കായിട്ടല്ല – മറിച്ച് 'സാഹോദര്യം' എന്ന ഒരു സംസ്ക്കാരം സ്വന്തമാക്കാനുള്ള പ്രായോഗിക മാർഗങ്ങളാണ് പാപ്പാ അവതരിപ്പിക്കുന്നത്. ചരിത്രാവബോധവും പക്വമായ തിരിച്ചറിവുകളും സ്വന്തമാക്കിയ, വിവേകവും സൂക്ഷ്മനിരീക്ഷണപാടവവുമുള്ള കഴിവുറ്റ പുതിയ തലമുറകളെയാണ് ഫ്രാൻസിസ്

പാപ്പാ സ്വപ്നം കാണുന്നത്. ഏറെ വെല്ലുവിളികൾ നിറഞ്ഞ ഈ ആധുനികയുഗത്തിൽ പാപ്പായുടെ സാഹോദര്യസന്ദേശത്തിന് ഏറെ പ്രസക്തിയുണ്ട്. പാപ്പാ എഴുതുന്നു: "നമ്മുടെ ബന്ധങ്ങളെ ആഴപ്പെടുത്തിയേക്കുമെന്ന വ്യാജേന നാം നടത്തുന്ന സ്വാർത്ഥതയിൽ കേന്ദ്രീകരിച്ച സംഭാഷണങ്ങളാൽ, ഇക്കാലത്ത് നമ്മുടെ ഉദാത്തമായ സാമൂഹികവാസനകൾ എളുപ്പത്തിൽ നിഷ്ഫലങ്ങളായി പോകാവുന്നതാണ്. എന്നാൽ അതിനു വിപരീതമായി പക്വമായ സ്നേഹവും യഥാർത്ഥമൈത്രിയും ആഴത്തിൽ വേരുപാകുന്നത് മറ്റുള്ളവരുമായുള്ള ബന്ധങ്ങളിലൂടെ വളർച്ച പ്രാപിക്കാൻ തുറവുള്ള ഹൃദയങ്ങളിലാണ്" (No.89).

നിസ്വാർത്ഥമായ സ്നേഹത്തോടെയുള്ള സമീപനവും തുറന്ന ഹൃദയവും ബന്ധങ്ങൾക്ക് ഇഴയടുപ്പം നൽകും എന്ന് ഫ്രാൻസിസ് പാപ്പാ നമ്മെ ഓർമ്മപ്പെടുത്തുന്നു.

"ദൈവം സ്നേഹിക്കുന്നതുപോലെ, ദൈവം കരുതുന്നതുപോലെ തന്നെ പാവങ്ങളെ സ്നേഹിച്ചുകൊണ്ടും സേവിച്ചുകൊണ്ടും വേണം ആഗമനകാലത്തെ വരവേൽക്കേണ്ടത്" എന്ന കൽക്കട്ടായിലെ വിശുദ്ധ തെരേസയുടെ വാക്കുകളും ഈ അവസരത്തിൽ ഞാൻ സ്മരിക്കുകയാണ്. എല്ലാവരെയും സ്നേഹിക്കാനും സേവിക്കാനും, സാധിക്കുന്ന സഹായങ്ങൾ നൽകാനും സാധിച്ചാൽ സാർവ്വത്രിക സാഹോദര്യത്തെക്കുറിച്ചുള്ള ഫ്രാൻസിസ് പാപ്പായുടെ വിചിന്തനങ്ങളും സർവ്വോപരി 'നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്ന യേശുവിന്റെ ആഹ്വാനവും പ്രാവർത്തികമാക്കുവാനുള്ള യജ്ഞത്തിലാണെന്ന് നാം എന്ന് പറയാൻ കഴിയും. ഈ ആഗമനകാലം അതിന് നമ്മെ സഹായിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്രിസ്തുമസ് ആഘോഷങ്ങളും മറ്റും പൂർണ്ണമായും കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ടാവണം എന്ന് ഞാൻ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. ക്രിസ്തുമസിനോടനുബന്ധിച്ചുള്ള ദിവ്യബലിയും മറ്റു പരിപാടികളും ക്രമീകരിക്കുമ്പോൾ ആ സമയത്ത് നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു.

ഈ മഹാമാരിയിൽനിന്നും സംരക്ഷണം ലഭിക്കുന്നതിന്റെ ഭാഗമായിട്ടാണ് നമുക്കെല്ലാവർക്കും ദൈവാലയങ്ങളിൽ വന്ന് ദിവ്യബലിയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബന്ധിക്കുവാൻ ഇപ്പോൾ സാധിക്കാത്തത്. അത് നമ്മെ ഏറെ വേദനിപ്പിക്കുന്നുണ്ട്. എനിക്ക് നിങ്ങളെ എല്ലാവരെയും കാണാൻ സാധിക്കാത്തതിലും ദുഃഖമുണ്ട്. എത്രയും വേഗം ഈ മഹാമാരിയുടെ ഇരുൾ നീങ്ങി തടസങ്ങളില്ലാതെ ദൈവാലയങ്ങളിൽവന്ന് ദിവ്യബലിയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബന്ധിക്കുവാൻ ഇടയാകുന്നതിനായി ഉണ്ണിയേശുവിനോട് നമുക്കു പ്രാർത്ഥിക്കാം.

ആഗതമാകുന്ന പിറവി തിരുന്നാളിന്റെയും പുതുവത്സരത്തിന്റെയും പ്രാർത്ഥനകളും അനുഗ്രഹങ്ങളും ഹൃദയപൂർവ്വം ഞാൻ നേരുന്നു. എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽനിന്ന്
2020 നവംബർ 20-ാം തീയതി,

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2020 നവംബർ 29-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ സാധ്യമായ രീതിയിൽ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.**

## CIRCULAR - 24

Dear Rev. Fathers,

I have received a circular letter from Archbishop Filipe Neri Ferrão, the President of CCBI, based on a communication from His Eminence Robert Cardinal Sarah, the Prefect of the Congregation for the Divine Worship and the Discipline of the s

Sacraments, to the effect that the Trinitarian conclusion of the Collect Prayers, as it is being used in English Liturgy, should be modified, by deleting the word 'One' from the expression "One God, for ever and ever". While explaining that the original Latin *Deus per omnia saecula saeculorum* cannot be translated as "One God, for ever and ever," and also giving theological reasons why the presence of the word 'One' corrupts the *lex orandi* and therefore the *lex credendi*, the Prefect stated: "*we rule that it should no longer be used in the translation of these texts into English*." In the light of this clear directive, it is notified that henceforth the word 'One' should be dropped from the expression "One God, for ever and ever" and use only "God, for ever and ever" whenever we use the Trinitarian Conclusion in the Collects, both in the Roman Missal and in the Liturgy of Hours, in English.

Ernakulam  
20.11.2020

✠ **Joseph Kalathiparambil**  
*Archbishop of Verapoly*

## CIRCULAR - 25

# ബൈബിൾ ഞായർ - 2020

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2020 ഡിസംബർ 20-ാം തീയതി ഞായറാഴ്ചയാണ് കേരള കത്തോലിക്കാസഭ ബൈബിൾ ഞായറായി ആഘോഷിക്കുന്നത്. ബൈബിൾ ഞായറിനോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ചുവടെ ചേർക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം 2020 ഡിസംബർ 20-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ സാധ്യമായ രീതിയിൽ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2020 നവംബർ 20-ാം തീയതി,

എറണാകുളം
20.11.2020

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# 2020 ഡിസംബർ 20 – ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം ദൈവവചനത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന മാസമാണല്ലോ യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ. ദൈവവചനത്തിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലാൻ നമ്മെ സഹായിക്കുന്നതാണ് കേരളസഭയുടെ വചനപാരായണമാസാചരണം. സഭാജീവിതത്തിൽ ദൈവവചനത്തിന്റെ പ്രാധാന്യം ഓർമപ്പെടുത്താൻ ആരാധനാവത്സരത്തിലെ ഒരു ഞായർ വചനഞായറായി ആഘോഷിക്കണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ്പാപ്പ 'അപ്പെരുയിത് ഇല്ലിസ്' എന്ന അപ്പസ്തോലിക ലേഖനത്തിൽ ഉദ്ബോധിപ്പിക്കുന്നതനുസരിച്ച്, 2020 ഡിസംബർ 20 ബൈബിൾ ഞായറായി കേരളസഭ ആചരിക്കുന്നു. ക്രൈസ്തവിശ്വാസികൾ അവരുടെ ജീവിതം ദൈവ വചനത്താൽ പുഷ്ടിപ്പെടുത്തണമെന്നാണ് സഭ ഇതുവഴി ആഗ്രഹിക്കുന്നത്.

### വി. ജെറോമിന്റെ ബൈബിൾ ആഭിമുഖ്യവും സഭയും

ബൈബിൾ പണ്ഡിതനായ വി. ജെറോമിന്റെ 1600-ാം മരണവാർഷികം ആചരിച്ച ഇക്കഴിഞ്ഞ സെപ്റ്റംബർ 30-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ "വിശുദ്ധ ലിഖിതത്തോടുള്ള ഭക്തി" എന്ന അപ്പസ്തോലികസന്ദേശം നല്കുകയുണ്ടായി. എഴുതപ്പെട്ട ദൈവവചനത്തോടുള്ള വിശുദ്ധന്റെ "സജീവവും ഹൃദ്യവുമായ സ്നേഹം" പിഞ്ചെല്ലാൻ ഈ ലേഖനത്തിൽ പരിശുദ്ധ പാപ്പാ സഭാസമൂഹത്തെ ആഹ്വാനം ചെയ്യുന്നു. കർത്താവിനെ വിശുദ്ധഗ്രന്ഥത്തിൽ നിരന്തരം അന്വേഷിക്കുകയും അതുവഴി അറിയുകയും ചെയ്ത ഈ വിശുദ്ധന്റെ വിശുദ്ധ ലിഖിതത്തോടുള്ള സ്നേഹം ഒരു മഹാനദിപോലെ ഒഴുകുകയും അത് അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലങ്ങളെയെല്ലാം പരിപോഷിപ്പിക്കുകയും ചെയ്തു.

സഭാസമൂഹത്തിന് ഇന്നും പ്രചോദനമേകുന്നവയാണ് വി. ജെറോമിന്റെ ജീവിതത്തിലെ പല നിർണായക ചുവടുവയ്പുകളും സംഭവങ്ങളും. എ.ഡി. 386 മുതൽ പാലസ്തീനയിൽ താമസിച്ച അദ്ദേഹം ബത്‌ലെഹെമിലെ തിരുപ്പിറവിഗ്രോട്ടോയുടെ സമീപം രണ്ട് ആശ്രമങ്ങൾ സ്ഥാപിക്കുകയും ഈ സമൂഹങ്ങളിൽ വിശുദ്ധഗ്രന്ഥവായനയ്ക്ക്

വലിയ പ്രാധാന്യം കൊടുക്കുകയും ചെയ്തു. വിശുദ്ധഗ്രന്ഥം മൂലഭാഷയിൽത്തന്നെ വായിക്കണമെന്ന് താത്പര്യപ്പെട്ടിരുന്ന അദ്ദേഹം സങ്കീർത്തനങ്ങൾ ഹീബ്രുഭാഷയിൽ ആലപിക്കാൻ താൻ സ്ഥാപിച്ച ഈ സമൂഹങ്ങളെ സഹായിച്ചിരുന്നു. വിശുദ്ധഗ്രന്ഥത്തിന്റെ ശ്രദ്ധാപൂർവമായ ശ്രവണം വഴിയാണ് തന്നത്തന്നെ മനസ്സിലാക്കുന്നതും ദൈവത്തിന്റെയും സഹോദരീസഹോദരന്മാരുടെയും മുഖം കണ്ടെത്തുന്നതുമെന്ന് വി. ജെറോമിന് ബോധ്യമുണ്ടായിരുന്നു. വിശുദ്ധലിഖിതങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതു ഗ്രഹിക്കാതെ ദൈവത്തോടുള്ള സ്നേഹം ഉറവയെടുക്കുകയില്ല. ഹൃദയത്തിൽ നിറയുന്ന ഈ സ്നേഹമാണ് ക്രൈസ്തവജീവിതത്തെ പരിപോഷിപ്പിക്കുന്നത്.

വിശുദ്ധലിഖിതങ്ങളിൽ സഭയെ ഭരമേല്പിച്ചിരിക്കുന്ന ദൈവവചനത്തോടുള്ള തീവ്രമായ സ്നേഹമാണ് വി. ജെറോമിന്റെ ആധ്യാത്മികതയുടെ പ്രത്യേകത. വി. ഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണെന്നു പറയുന്ന വിശുദ്ധൻ ക്രിസ്തുവിനെക്കുറിച്ചറിയാൻ വിശുദ്ധഗ്രന്ഥം മുഴുവൻ ആവശ്യമാണെന്ന് പഠിപ്പിക്കുന്നു. എമ്മാവൂസിലേക്കു പോകുന്ന ശിഷ്യരോട് തന്നെക്കുറിച്ചുള്ള രഹസ്യം വിശദീകരിക്കാൻ ക്രിസ്തു സങ്കീർത്തനങ്ങളും പ്രവാചകരെയും ഉദ്ധരിക്കുന്നതു നാം കാണുന്നുണ്ട് (ലൂക്കാ 4,16-21; 24,27.44-47). അപ്പസ്തോലപ്രവർത്തനങ്ങളിലെ ശിഷ്യപ്രമുഖരായ പത്രോസിന്റെയും പൗലോസിന്റെയും പ്രഘോഷണങ്ങളും പഴയനിയമത്തിൽ വേരുറപ്പിച്ചവയായിരുന്നു. പഴയനിയമകര്യാൻവാസിൽ മാത്രമേ മരണോത്ഥാനങ്ങളിൽ വെളിപ്പെടുന്ന ക്രിസ്തുവിനെ ആഴത്തിൽ അറിയുവാൻ സാധിക്കുകയുള്ളൂ. നാം വിശുദ്ധഗ്രന്ഥംമുഴുവൻ വായിക്കുകയെന്ന ആവശ്യകതയിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. വിശുദ്ധഗ്രന്ഥപഠനത്തിന് വി. ജെറോം വലിയ പ്രാധാന്യം നല്കിയിരുന്നു. ദൈവവചനം ഗ്രഹിക്കാൻ വ്യക്തിപരമായ പരിശ്രമം ആവശ്യമാണ്. എന്നാൽ അതോടൊപ്പം, മുദ്രവയ്ക്കപ്പെട്ടതുപോലെയുള്ള വിശുദ്ധലിഖിതത്തിലെ സന്ദേശമായ ക്രിസ്തുവിനെ അറിയാൻ അവിടന്നു തന്നെ മുദ്രകൾ തുറക്കണമെന്നും (വെളി 5,1-10) നാമറിയണം. ഉന്നതങ്ങളിൽനിന്നു മാത്രമേ അതിലെ കൃപാവർഷം നമുക്ക് വെളിപ്പെടുത്തികിട്ടുകയുള്ളൂ (ലൂക്കാ 4,17-21).

### വിശുദ്ധഗ്രന്ഥവും ലിറ്റർജിയും

ദൈവവചനത്തിന്റെ ഭവനം സഭയായതിനാൽ, വചനത്തിന്റെ ആഴത്തിലേക്കിറങ്ങാൻ ലിറ്റർജിക്കു പ്രാധാന്യം കൊടുക്കണമെന്ന് പരിശുദ്ധ ബനഡിക്റ്റ് XVI-ാമൻ പാപ്പ "കർത്താവിന്റെ വചനം" എന്ന അപ്പസ്തോലികാഹ്വാനത്തിൽ പറയുന്നു (നമ്പർ 52). വിശുദ്ധഗ്രന്ഥവും ലിറ്റർജിയുമായുള്ള ബന്ധം സഭാസമൂഹം കൂടുതൽ മനസ്സിലാക്കേണ്ടതുണ്ട്. ദൈവവചനവും ലിറ്റർജിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനാക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ വിശദീകരിക്കുന്നത് (ആരാധനാക്രമം, 24) ഇവിടെ പ്രസക്തമാണ്. ദൈവം തന്റെ ജനത്തോടു സംസാരിക്കുന്ന സവിശേഷ പശ്ചാത്തലമാണ് ലിറ്റർജി. വിശുദ്ധലിഖിതങ്ങളിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുതന്നെയാണ് ലിറ്റർജിയിലൂടെ സംസാരിക്കുന്നത്. ദൈവവചനത്തിന്റെ പൂർണവും തുടരുന്നതും കാര്യക്ഷമവുമായ അവതരണമാണ് ആരാധനാഘോഷങ്ങൾ. വിശുദ്ധകുർബാനയിലാണ് ദൈവവചനവായനയും ലിറ്റർജിയും തമ്മിലുള്ള ബന്ധം അതിന്റെ പാരമ്യത്തിലെത്തുന്നത്. ആരാധനാവത്സരത്തിന്റെ വിവിധ കാലങ്ങളിലൂടെ വിശുദ്ധലിഖിതം സജീവമായി പ്രഘോഷിക്കപ്പെടുകയും അതുവഴി സഭ രക്ഷാകരരഹസ്യത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്യുന്നു. ആരാധനാനുഷ്ഠാനങ്ങളിൽ ദൈവവചനത്തോടൊപ്പം പരിശുദ്ധാത്മാവിന്റെ ആന്തരിക പ്രവർത്തനവുമുണ്ട്. വിശുദ്ധലിഖിതരചനയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവുതന്നെയാണ് അതിന്റെ സന്ദേശം ഓരോ വ്യക്തിയിലും ലിറ്റർജിയിലൂടെ എത്തിക്കുന്നത്. അതുവഴി ലിറ്റർജിയിൽ ദൈവവചനം കാലികവും സജീവവുമായ വചനമായി ആഘോഷിക്കപ്പെടുന്നു.

### വിശുദ്ധഗ്രന്ഥവും കേരളസഭയും

വിശുദ്ധലിഖിതത്തോടുള്ള വി. ജെറോമിന്റെ "സജീവവും ഹൃദ്യവുമായ സ്നേഹം" കേരളസഭയിൽ പ്രകടമാണെന്നത് ഏറെ അഭിമാനകരമാണ്. ദൈവവചനത്തോടുള്ള ആഭിമുഖ്യം പലതലങ്ങളിലായി ഇവിടെ ആഴപ്പെടുന്നു എന്നു പറയാം. കേരളത്തിലെങ്ങുമുള്ള വചനപ്രഘോഷണങ്ങളും ബൈബിൾ പഠനവേദികളും ആഗോളതലത്തിൽത്തന്നെ പ്രശംസിക്കപ്പെടുന്ന ലോഗോസ്ക്വിസ്പോലുള്ള സംരംഭങ്ങളും സമ്പൂർണബൈബിൾ പാരായണവും ബൈബിളിലേക്ക് ഇറ

ങ്ങിച്ചെല്ലാൻ സഭാതനയരെ വളരെയധികം സഹായിക്കുന്നുണ്ട്. ക്രിസ്തുവിനെ കൂടുതലായി അറിയാൻ വിശുദ്ധഗ്രന്ഥംമുഴുവൻ വായിക്കണമെന്ന വിശുദ്ധ ജറോമിന്റെ ഉപദേശമാണ് കേരളസഭ ഇവിടെ പിഞ്ചെല്ലുന്നത്.

വി. ജെറോം സഭയ്ക്കു പകർന്നു നല്കിയ മറ്റൊരു പാരമ്പര്യമാണ് വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിനുള്ള പ്രാധാന്യം. ഈ പ്രാധാന്യം തിരിച്ചറിഞ്ഞ് കേരള കത്തോലിക്കാ മെത്രാൻസമിതി ബൈബിൾകമ്മീഷന്റെ നേതൃത്വത്തിൽ ഈ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നു. എഴുതപ്പെട്ട ദൈവവചനം അതിന്റെ സംശുദ്ധിയിൽ ദൈവജനത്തിന്റെ പക്കൽ എത്തണമെന്ന ആഗ്രഹത്തോടെയാണ്, 1981-ൽ പിഒസി പുറത്തിറക്കിയ മലയാള ബൈബിൾ വീണ്ടും മൂലഭാഷകളുമായി ബൈബിൾവിജ്ഞാനീയത്തിലെ പുതിയ ഉൾക്കാഴ്ചകളുടെ വെളിച്ചത്തിൽ ഒത്തുനോക്കി പരിഷ്കരിക്കാൻ ബൈബിൾ കമ്മീഷനെ ചുമതലപ്പെടുത്തിയത്. പഴയനിയമപരിഷ്കരണം ബൈബിൾ പണ്ഡിതന്മാരുടെ നേതൃത്വത്തിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പരിഷ്കരണം പൂർത്തിയാക്കിയ പുതിയനിയമം ഹ്രസ്വവ്യാഖ്യാനങ്ങളും കുറിപ്പുകളുമായി പഠനബൈബിളായി പിഒസിയിൽനിന്നു പ്രസിദ്ധീകരിച്ചു. വിശുദ്ധഗ്രന്ഥപഠനത്തിന് ഊന്നൽ നല്കണമെന്ന "വിശുദ്ധ ലിഖിതത്തോടുള്ള ഭക്തി" എന്ന സന്ദേശത്തിലെ ഫ്രാൻസിസ്പാപ്പയുടെ ആഹ്വാനം ഉൾക്കൊണ്ട്, വചനപഠനവേദികളിലും പ്രാർഥനക്കൂട്ടായ്മകളിലും ബൈബിൾ കമ്മീഷന്റെ ഈ പുതിയനിയമ പഠനബൈബിൾ ഉപയോഗിക്കാൻ ഏവരും താത്പര്യമെടുക്കണം.

ദൈവവചനപഠനത്തിന് മൂലഭാഷകളുമായുള്ള പരിചയം അനിവാര്യമാണെന്ന് വിശുദ്ധ ജെറോം പറയുന്നുണ്ട്. ഞാനൊരു പുരോഹിതനായിരുന്നെങ്കിൽ വിശുദ്ധഗ്രന്ഥം ആഴത്തിൽ മനസ്സിലാക്കാൻ ഹീബ്രു-ഗ്രീക്ക് ഭാഷകൾ പഠിക്കുമായിരുന്നെന്ന വിശുദ്ധ കൊച്ചുത്രേസ്യയുടെ തീക്ഷ്ണതയും സഭാസമൂഹത്തിന് ഇവിടെ മാതൃകയാണ്. മൂലഭാഷയിൽ വചനം വായിക്കാൻ സഹായകമാണ് ബൈബിൾ സൊസൈറ്റിയുടെ പുതിയ സംഭാവനയായ മലയാളം-ഗ്രീക്ക് പുതിയനിയമം ഇന്റർലീനിയർ. ഹീബ്രു-ഗ്രീക്ക് ഭാഷകൾ ലളിതമായ രീതിയിൽ പഠിക്കാനുള്ള പഠനഗ്രന്ഥങ്ങളും സൊസൈറ്റി പുറത്തിറക്കിയിട്ടുണ്ട്. മതപഠനക്ലാസുകളിൽ ഈ ഭാഷകൾ കുട്ടികളെ പരിചയപ്പെടുത്തുന്നത് നല്ലൊരു തുടക്കമായിരിക്കും.

വിശുദ്ധഗ്രന്ഥത്തിന്റെ ആഴങ്ങളിലേക്കിറങ്ങാനും ആത്മീയമായ ശക്തിസംഭരിക്കാനും സഹായിക്കുന്നതാണ് "ദൈവികവായന". ദൈവ വചനഭാഗങ്ങൾ വായിച്ച് ധ്യാനിക്കുകയും അത് ജീവിതത്തിലേക്കു പകർത്താൻ ശ്രമിക്കുകയും ചെയ്യുന്ന പുരാതനമായ ഒരു വചന ധ്യാനരീതിയാണിത്. വായന, വിചിന്തനം, പ്രാർഥന, ധ്യാനം, പ്രവൃത്തി എന്നിങ്ങനെയുള്ള അഞ്ചു പടികളാണ് ഇതിനുള്ളത്. ഇടവകകളിൽ "ദൈവികവായന"യ്ക്കു വേദികളൊരുക്കി, ദൈവജനത്തെ ആത്മീയ മായി ശക്തിപ്പെടുത്തുന്നത് ഈ കോവിഡ്കാലത്തെ വലിയ ഒരു ആത്മീയശുശ്രൂഷയായിരിക്കും.

കോവിഡ്19 പടർന്നു പിടിച്ച ഈ നാളുകളിൽ കുടുംബങ്ങളിൽ കൂടുതൽ വായിക്കപ്പെടുന്നത് ബൈബിൾ ആണെന്നത് ഏറെ സന്തോ ഷകരമാണ്. വചനപാരായണമാസമായ ഡിസംബറിൽ ദേവാലയങ്ങ ളിൽ അധികംപേർക്ക് ഒന്നിച്ചു കൂടുവാൻ സാധിക്കാത്ത പശ്ചാത്തല ത്തിൽ ഇടവകകൾ നേതൃത്വം കൊടുത്ത് വീടുകളിൽ അഖണ്ഡബൈ ബിൾ പാരായണം സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. നിരവധി രൂപതകളും സംഘടനകളും വ്യക്തികളും ഈ സമയത്ത് ബൈബിൾ അധിഷ്ഠിത ഓൺലൈൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു എന്നത് സന്തോഷത്തോടെ ഇവിടെ അനുസ്മരിക്കുന്നു.

വിശുദ്ധ ജെറോമിനുണ്ടായിരുന്നപോലെ, "സജീവവും ഹൃദ്യ വുമായ സ്നേഹം" വിശുദ്ധലിഖിതത്തോടു പുലർത്താൻ സഭാവിശ്വാ സികളേവരെയും സ്നേഹപൂർവം ആഹ്വാനം ചെയ്തുകൊണ്ടും ക്രിസ്മ സിന്റെ ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ടും,

**✠ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
*ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

**✠ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
*വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

**✠ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
*വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21